# റിസർവ് ബാങ്ക് ഓഫ് ഇന്ത്യ

ജൂൺ 05, 2017

## ജാലോർ നാഗരിക് സഹകാരി ബാങ്ക് ലിമിറ്റഡ് ജാലോറിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പിഴ ചുമത്തി

നിശ്ചിത പരിധിയിൽ കൂടുതൽ സംഭാവന നൽകിയതിനും, പ്രൂഡൻഷ്യൽ നിർദ്ദേശങ്ങനുസരിച്ച് ബാങ്കുകൾ തമ്മിലുള്ള ഇടപാടിൽ ഒരു തവണയുള്ള മൊത്തം ഇടപാടിന്റെ പരിധി ലംഘിച്ചതിനും സഹകരണ സംഘങ്ങൾക്കു ബാധകമായിട്ടുള്ള ബാങ്കിംഗ് റഗുലേഷൻ നിയമം 1949 ന്റെ സെക്ഷൻ 47 എ(1) സിയും 46(4) ഉം നൽകിയിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ജാലോർ നാഗരിക് സഹകാരി ബാങ്ക് ലിമിറ്റഡ്, ജാലോറിന് 5 ലക്ഷം രൂപയുടെ (രൂപ അഞ്ചു ലക്ഷം മാത്രം) ധനപരമായ പിഴ ചുമത്തി യിരിക്കുന്നു.

ബാങ്കിലെ ഇൻസ്പെക്ഷന്റെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ കാരണം കാണിക്കൽ നോട്ടീസ് ബാങ്കിന് നൽകിയിരുന്നു. അതിനു ബാങ്ക് എഴുതി തയ്യാറാക്കിയ മറുപടി നൽകുകയും റിസർവ് ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ മുമ്പാകെ നേരിട്ട് സബ്മിഷൻ സമർപ്പിക്കുകയും ചെയ്തിരുന്നു. ഈ വിഷയത്തിൽ കേസിന്റെ വസ്തുതകളും ബാങ്കിന്റെ മറുപടിയും പരിശോധിച്ചതിൽ നിയമലംഘനം തെളിയിക്കപ്പെട്ടെന്നും ധനപരമായ പിഴചുമത്തേണ്ടതുണ്ടെന്നും റിസർവ് ബാങ്കിനു ബോദ്ധ്യപ്പെട്ടിരിക്കുന്നു.

**അജിത് പ്രസാദ്**

പ്രസ് റിലീസ് **2016-2017/3281** അസിസ്റ്റന്റ് അഡ്വൈസർ